പക്ഷിസങ്കേതം എക്കോ പാർക്കായി വികസിപ്പിക്കാൻ നടപടി

137 (1938) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ കരിവെള്ളൂർ-പെരളം പഞ്ചായത്തിൽ കുണിയനിൽ പക്ഷിസങ്കേതം, എക്കോ പാർക്കായി വികസിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ പക്ഷിനിരീക്ഷകരായ ശ്രീ. മനോജ് ചന്ദ്രൻ, ദിനേശൻ, ഭാസ്ക്കരൻമാസ്റ്റർ, രമേശൻ, റാണി, രവീന്ദ്രൻ, അനിൽകുമാർ എ. വിനോദ് ബി. നായർ, സുരേഷ് ബാബു. വി. എന്നിവർ സമർപ്പിച്ച കുണിയനിലെ പക്ഷികളെക്കുറിച്ചുള്ള പഠന റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

(ബി) ടി പഠന റിപ്പോർട്ടിനെക്കുറിച്ച് വിശദമായ സാധ്യതാപഠനം ആറളം വൈൽഡ് ലൈഫ് വാർഡൻ മുഖാന്തിരം നടത്തി വരികയാണ്. ടി. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ചെമ്മരംകയം ഫോറസ്റ്റ് റോഡിന്റെ നിർമ്മാണം

138 (1939) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ചെമ്മരംകയം ഫോറസ്റ്റ് റോഡിന്റെ നിർമ്മാണം സംബന്ധിച്ച തുടർ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ചെമ്മരംകയം-അപ്പച്ചാൽ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 2003-2004 സാമ്പത്തിക വർഷത്തിൽ ചെയ്തു തീർക്കുന്നതിനായി സമർപ്പിച്ച അടങ്കൽ പരിശോധിച്ചു വരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(1900, 1910, 1913, 1914, 1929, 1937 എന്നീ ചോദ്യങ്ങളുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly